nbt.india

एकः सूते सकलम्

ISBN 978-81-237-8901-9

ആദ്യ പതിപ്പ് 2019

© അഭിജിത് സെൻഗുപ്ത

മലയാള പരിഭാഷ © നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ

Rintu and his Compass (*English*)

Rintuvinte Vadakkunokkiyantram (*Malayalam*)

**₹ 50.00**

പ്രസിദ്ധീകരണം: ഡയറക്ടർ, നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ
നെഹ്റു ഭവൻ, 5 ഇൻസ്റ്റിറ്റ്യൂഷണൽ ഏരിയ, ഫേസ് II
വസന്ത് കുഞ്ജ്, ന്യൂഡൽഹി 110 070
Website: www.nbtindia.gov.in



നെഹ്റു ബാല പുസ്തകാലയം

# റിന്റുവിന്റെ വടക്കുനോക്കിയന്ത്രം

അഭിജിത് സെൻഗുപ്ത

ചിത്രീകരണം
ജുധാജിത്ത് സെൻഗുപ്ത

വിവർത്തനം
സ്റ്റാലിന

nbt.india
एक: सूते सकलम्

നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ

nbt.india
एक: सूते सकलम्

അയാളൊരു വിചിത്രമനുഷ്യനായിരുന്നു. നീളമുള്ള മുടി കാറ്റിൽ പാമ്പിന്റെ പത്തിപോലെ ആടിക്കൊണ്ടിരുന്നു. തോളിൽ തൂങ്ങിക്കിടന്നിരുന്ന ചാക്കിലെന്താണെന്നു ദൈവത്തിനു മാത്രമറിയാം.



nbt.india
एकः सूते सकलम्

അറ്റത്ത് ഇരുമ്പുമുനയുള്ള ഒരു മുളന്തണ്ടും പിടിച്ച് അഴിമുഖത്തിരിക്കുകയായിരുന്നു അയാൾ. മുട്ടോളം ആഴത്തിൽ തെളിഞ്ഞ വെള്ളത്തിൽ തിളങ്ങുന്ന മഞ്ഞമണൽ. മണലിലിരുന്ന്, മുഖം കുനിച്ച് അയാൾ എന്തിലോ ശ്രദ്ധിച്ചിരുന്നു.



nbt.india
एक: सूते सकलम्

റിന്റു അല്പം ദൂരത്തുനിന്ന് അയാളെ നോക്കി. സുന്ദർബൻസിലെ ബഖാലി എന്ന സ്ഥലത്തേക്ക് അച്ഛനോടും അമ്മയോടുമൊപ്പം ഒഴിവുകാലത്തെ വിനോദയാത്രയ്ക്കു വന്നതായിരുന്നു അവൻ.

കഴിഞ്ഞ ജന്മദിനത്തിന് അച്ഛൻ റിന്റുവിന് ഒരു വടക്കുനോക്കിയന്ത്രം സമ്മാനമായി കൊടുത്തിരുന്നു. കണ്ടാലതൊരു പോക്കറ്റ് വാച്ച് പോലെയായിരുന്നു. പിച്ചള അടപ്പുള്ള നല്ല ഭംഗിയുള്ള ഒരു കോമ്പസ്. അതിന്റെ ചുവന്ന സൂചി എപ്പോഴും വടക്കോട്ടുതന്നെ തിരിഞ്ഞിരിക്കും.

അച്ഛൻ പറഞ്ഞിട്ടുണ്ട്, വല്യവല്യ പര്യവേഷകരൊക്കെ ആഴക്കടലിലും മരുഭൂമിയിലും കൊടുംകാട്ടിലുമൊക്കെ വഴി കണ്ടെത്താൻ ഈ വടക്കുനോക്കി യന്ത്രമാണത്രേ ഉപയോഗിക്കുന്നത്. റിന്റുവും ഒരു ദിവസം കടലിലങ്ങനെ പോയി കൊളംബസിനെപ്പോലെ ഒരു പുതിയ രാജ്യത്തെത്തും. റിന്റു എപ്പോഴും ഈ മാന്ത്രികകോമ്പസ് കൂടെക്കൊണ്ടുനടന്നു. അവനു ജീവിതത്തിലേറ്റവും പ്രിയപ്പെട്ട വസ്തുവായിരുന്നു അത്.



nbt.india
एकः सूते सकलम्



nbt.india
एकः सूते सकलम्


nbt.india
एकः सूते सकलम्

അകലെ കടൽ മുഴങ്ങുന്നുണ്ടായിരുന്നു. അച്ഛന്റെ നോട്ടം വെട്ടിച്ച് റിന്റു അവന്റെ നീലത്തടിക്കൂടാരത്തിൽ നിന്നിറങ്ങി തീരത്തെ കാറ്റാടി മരങ്ങൾക്കിടയിലൂടെ ഓടിക്കളിക്കാൻ തുടങ്ങി. ഒരു ദിവസം അറിയാത്ത രാജ്യങ്ങളിലേക്ക് അവനെ കൊണ്ടുപോകുന്ന ആ അത്ഭുതക്കടലിനെ നന്നായിട്ടൊന്നു കാണാനാണ് അവൻ പുറത്തിറങ്ങിയത്.

കുറച്ചുനേരം ഓടിക്കളിച്ചശേഷം അവൻ ചുറ്റിത്തിരിഞ്ഞ് ആ അഴിമുഖത്തെത്തി. ഇന്നലെക്കണ്ട, അലഞ്ഞുതിരിയുന്ന ആ മനുഷ്യൻ. അവർ മുഖാമുഖം വന്നപ്പോൾ പെട്ടെന്നു ചിലമ്പിച്ച സ്വരത്തിൽ അയാൾ ഉറക്കെപ്പറഞ്ഞു. നിൽക്കവിടെ, ഇനിയൊരടി മുന്നോട്ടു വയ്ക്കരുത്.

റിന്റുവിനതു തീരെ ഇഷ്ടമായില്ല. എന്നോടിങ്ങനെ ആജ്ഞാപിക്കാൻ ഇയാളാരാ? ഞാൻ മുന്നോട്ടുചെന്നാലെന്താ കുഴപ്പം? ഇയാളാളത്ര ശരിയല്ല തന്നെ. അല്ലെങ്കിലിങ്ങനെ പൂച്ച ചാടാനിരിക്കുന്നപോലെ ഈ മണലിലിങ്ങനെയിരിക്കുമോ? ഇനി ഞാനെന്തു ചെയ്യും? മുന്നോട്ടുതന്നെ പോകണോ? ഏയ്, അതുശരിയാവില്ല. ഭാവിയിലെ ഒരു സാഹസികൻ ഇതിലും ബുദ്ധിയോടെ വേണം പെരുമാറാൻ; റിന്റു ചിന്തിച്ചു.

അതുകൊണ്ട് അവിടെത്തന്നെ നിന്ന് ആ മനുഷ്യനെ നോക്കിക്കൊണ്ടു പതിഞ്ഞ ശബ്ദത്തിലവൻ ചോദിച്ചു.

“നിങ്ങളുടെ പേരെന്താ?”

“ഭീം ഹാഥി,” അയാൾ പറഞ്ഞു.

റിന്റുവിനു പൊട്ടിച്ചിരിക്കാൻ തോന്നി. ഭീം ഹാഥി എന്നുവെച്ചാൽ ഭീമനാന. ഇത്രേം മെലിഞ്ഞു നോക്കുകുത്തി പോലിരിക്കുന്ന മനുഷ്യന് ആരേലും ‘തടിയനാന’ എന്നു പേരിടോ?

nbt.india
एकः सूते सकलम्

റിന്റു ഗൗരവത്തിൽ ചോദിച്ചു, “നിങ്ങളെന്താണു ചെയ്യുന്നത്?”

“ഞാൻ മീൻ പിടിക്കും. പിന്നെ ഞണ്ട്, ആമ ഒക്കേത്തിനേം പിടിക്കും.”

“അതൊരു വേലയാണോ? ഒരു കമ്പുകൊണ്ടെങ്ങനെ ആമയെ പിടിക്കും?” റിന്റു അത്ഭുതപ്പെട്ടു.

പെട്ടെന്ന് അയാൾ ആ വടീം കൊണ്ടു മണലിൽ അവിടേമിവിടേം തട്ടാൻ തുടങ്ങി. ഒരൊച്ച കേട്ടു. അയാളൊരു പൂച്ചയെപ്പോലെ ചാടി പത്തുവിരലും കൊണ്ടു മണൽ കോരിയെടുത്തു. റിന്റുവിനു കാര്യം മനസ്സിലാകുന്നതിനുമുമ്പേ, അയാളുടെ കൈയിൽ പൊന്തനൊരാമ കിടന്നു പിടയ്ക്കുന്നു. അയാളതിനെ മണലിലേക്ക് അമർത്തിപ്പിടിച്ചു. പിന്നെയതിനെ മറിച്ചിട്ടു. നാലുകാലും വായുവിലിട്ടടിച്ച് ആ പാവം ജീവി മലർന്നു കിടപ്പായി.

ഒരു ജീവനുമില്ലാത്ത, ഉണങ്ങിയ ആ മണൽപ്പരപ്പിനുള്ളിൽനിന്നും ഇങ്ങനൊരു ആമ ജീവനോടെ പൊന്തിവരുമെന്നു റിന്റുവിനു ചിന്തിക്കാൻ പോലുമാവില്ലായിരുന്നു. ഇതുപോലൊരു അത്ഭുതം ചെയ്യാൻ കഴിഞ്ഞ ആ മനുഷ്യനോട് അവന് വലിയ ബഹുമാനം തോന്നി.

അയാൾ ആ ആമയെ ചാക്കിലേക്കിട്ടു. റിന്റു മടിച്ചുമടിച്ചു ചോദിച്ചു:

“ഈ ആമകളൊക്കെ മണലിലാ വളരുന്നേ?”

“മാമ്പഴങ്ങൾ മാമ്പൂക്കളിൽ നിന്നുണ്ടാകുന്നതുപോലെ, ആമകൾ ആമമുട്ടകളിൽനിന്നും! പെണ്ണാമകൾ കടലിൽനിന്നും തീരത്തേക്കു തുഴഞ്ഞ് ഒരു നല്ല മണൽത്തിട്ട കണ്ടെത്തി മുട്ടയിടും.”

nbt.india
एकः सूते सकलम्




nbt.india
एकः सूते सकलम्



nbt.india
एकः सूते सकलम्

അതുപറഞ്ഞിട്ട് അയാൾ നടുവൊന്നു നിവർത്തി പതുക്കെ പിറുപിറുത്തു, “ഇനിയെനിക്ക് കുമിര ഗന്ധ നദിയിൽപ്പോണം. അവടെ ഇവത്തുങ്ങളൊത്തിരിയുണ്ട്. പിന്നെ കടലീപ്പോണം. ഹിൽസാമീനെപ്പിടിക്കാൻ.”

റിന്റു അത്ഭുതത്തോടെ ചോദിച്ചു, “നിങ്ങളെങ്ങനെ കടലിൽപ്പോകും?”

മണലിൽ പകുതി പൂന്തികിടക്കുകയായിരുന്ന ഒരു കൊച്ചുവള്ളം ചൂണ്ടിക്കാട്ടിയിട്ട് അയാൾ പറഞ്ഞു:

“നോക്ക്, ഞങ്ങ അങ്ങനത്തെ വള്ളത്തിലാണ് മീൻ പിടിക്കാൻ പോണത്. ഇന്നാളൊരിക്കെ വള്ളമിറക്കിയപ്പോ അങ്ങ് ബംഗാൾ ഉൾക്കടലിലെ, ആരും പോകാത്ത ഒരു തുരുത്താ, ഹരിഭംഗ ചാർ; അവിടം വരെപ്പോയി. അവിടെ വലിയ തുരപ്പനെലികളും പാമ്പുകളുമേ ഉള്ളൂ. അവിടത്തെ കടലിനൊക്കെ നല്ല ഇന്ദ്രനീല നെറമാ.”



nbt.india
एकः सूते सकलम्



nbt.india
एकः सूते सकलम्

അന്നു നല്ല തെളിവു നാളായിരുന്നു. പെട്ടെന്ന് മാനം കറുത്തു. ഇരുളും മേഘോം നിറഞ്ഞു. ഇടിവെട്ടി, മിന്നലടിച്ചു മഴ പെയ്തുതുടങ്ങി. പിന്നാലെയൊരു വമ്പൻ കൊടുങ്കാറ്റും.

“ആനത്തിരകൾ മാനത്തോളം പൊന്തി. ഞങ്ങടെ വള്ളത്തേ തൊട്ടുതൊട്ടില്ലെന്ന മട്ടിൽ പൊട്ടിച്ചിതറി. വെള്ളം പൊക്കത്തിൽ ചുഴറ്റിയടിച്ചുയർന്നു. ഇവിടെ സുന്ദർബൻസിലെ മീൻകാരതിനെ ‘ആനേടെ തുമ്പിക്കൈ’ എന്നാണു വിളിക്കുന്നത്. കാരണം അതുകണ്ടാൽ ആനയുടെ തുമ്പിക്കൈ പോലിരിക്കും. ഞങ്ങടെ വള്ളത്തേലെങ്ങാനും വീണിരുന്നേ വള്ളം പൊളിഞ്ഞടുങ്ങിയേനെ.”



nbt.india
एकः सूते सकलम्

“ഞങ്ങടെ ചുറ്റും മലപോലത്തെ തിരകളാർന്നു. രണ്ടു ദിവസം കഴിഞ്ഞിട്ടാ കൊടുങ്കാറ്റൊന്നു കുറഞ്ഞു കടലൊന്നു നേരെയായത്. ഞങ്ങ ചുറ്റിപ്പോയി. അടുത്തെങ്ങും കര കാണാനില്ല. ഞങ്ങ ഒഴുക്കിനൊത്ത ങ്ങുപോയി. എവിടെയാണെന്നു ഒരു പിടിയുമില്ലാതെയായി. തിന്നാനും കുടിക്കാനൊന്നുമില്ല. ആറാം നാളായപ്പോ പേടീം വെപ്രാളോം കൊണ്ട് ഒരുത്തനാകെ ബോധംപോയ പോലായി. ഞങ്ങടൊക്കെ മന സങ്ങു കെട്ടു. ജീവിതം തീർന്നൂന്നാ തോന്നിയെ.”

ആഴമുള്ള സ്വരത്തിലയാൾ തുടർന്നു, “എന്നായാലും ഏഴാം പക്കം അങ്ങു ദൂരെ ചക്രവാളത്തിലായി കരേടെ ഒരു പൊട്ടു കണ്ടു. ഞങ്ങ പാടുപെട്ടു തുഴഞ്ഞ് എങ്ങനോ മരണത്തീന്നു രക്ഷപ്പെട്ടു. വല്ലാ ത്തൊരനുഭവമാർന്നു. അതേപ്പിന്നെനിക്കു കൊറേ നാളത്തേക്ക് ഒറക്കം വരൂല്ലാർന്നു. സ്വപ്നത്തീപ്പോലും വലിയ തെരകള് അലറിപ്പാഞ്ഞുവരും എന്റെ നേരെ. ഞാൻ പേടിച്ചു തൊള്ളയിടും. പിന്നൊള്ള രാത്രി മുഴുക്കെ, കണ്ണും മിഴിച്ചിരിക്കും.” അയാൾ പറഞ്ഞുനിർത്തി.

ഒരു പച്ചത്തുള്ളൻ പുൽനാമ്പുകളിൽച്ചാടി നടന്നു. വയലറ്റ് പൂക്കളുള്ള വള്ളിച്ചെടികൾ മണൽക്കുന്നു കളെയാകെ പച്ച പുതപ്പിച്ചിരുന്നു.



nbt.india
एकः सूते सकलम्



nbt.india
एकः सूते सकलम्

കുറച്ചുകഴിഞ്ഞപ്പോൾ റിന്റു ചോദിച്ചു, “ആഴക്കടലിൽപ്പോകുന്നത് ഇത്രേം അപകടം പിടിച്ചതാണെങ്കിൽ മീൻ പിടിക്കാനെന്തിനാ അങ്ങോട്ടുതന്നെ പോകുന്നത്?”

ഒരു ചെറുചിരിയോടെ ആ മനുഷ്യൻ പറഞ്ഞു, “അതൊരു രസമാ മോനേ. മീൻപിടിക്കാൻ കടലീപ്പോവാണ്ടിരിക്കുന്നതേ അതിനെക്കാട്ടീം അപകടമാ.”

അയാൾ നീലക്കടലിലേക്കുറ്റു നോക്കി നിന്നു. അവിടെ ഒരു കടൽക്കാക്ക വട്ടമിടുന്നുണ്ടായിരുന്നു.

റിന്റുവിന് ഈ മനുഷ്യന്റെ കാര്യമോർത്തിട്ടു വലിയ സങ്കടം തോന്നി. കണ്ണ് തുളുമ്പാതിരിക്കാൻ അവൻ പാടുപെട്ടു. ഈ പാവം മനുഷ്യന് ഉപയോഗപ്പെടുന്ന എന്തെങ്കിലും ചെയ്യണമെന്ന് അവനുതോന്നി. പക്ഷേ എന്ത്? പെട്ടെന്നൊരു ബുദ്ധിതോന്നി. പോക്കറ്റിൽനിന്നും വടക്കുനോക്കി യന്ത്രം എടുത്തിട്ട് അവനയാളോടു പറഞ്ഞു, “ഇതാ ഇതെടുത്തോളൂ. ഇത് നിങ്ങൾക്കു വേണ്ടിയുള്ളതാ.”



nbt.india
एकः सूते सकलम्



nbt.india
एक: सूत्रे सकलम्

“ഇതെന്നതാ – വാച്ചോ? ഈ വാച്ചുംകൊണ്ട് ഞാനെന്നാ ചെയ്യാനാ?” അയാൾക്കൊന്നും മനസ്സിലായില്ല.

“അല്ലല്ല ഇത് വാച്ചൊന്നുമല്ല. ഒരു വടക്കുനോക്കി യന്ത്രം. നിങ്ങൾക്കിതിനെപ്പറ്റിയൊന്നുമറിയില്ലേ?”

തന്റെ അച്ഛന്റെ പ്രായമുള്ള ഇയാൾ കോമ്പസ് പോലെയുള്ള ഒരു സാധാരണ വസ്തു കണ്ടിട്ടേയില്ല എന്നറിഞ്ഞപ്പോൾ റിന്റുവിന് അത്ഭുതം തോന്നി.

“ഇതെന്നാത്തിനാ മോനേ?”

ഇതു നിങ്ങളെ ആഴക്കടലിൽ ദിക്കറിയാൻ സഹായിക്കും. നിങ്ങൾക്കു വഴിതെറ്റിയാൽ, കര കാണാതായാൽ വഴികാട്ടും.”

ആ വയസ്സായ മനുഷ്യൻ വളരെ സംശയത്തോടെ റിന്റുവിന്റെ കൈയിൽനിന്നും ആ വടക്കുനോക്കി യന്ത്രം വാങ്ങി ഒരു കൊച്ചുകുട്ടിയുടെ കൗതുകത്തോടെ തിരിച്ചും മറിച്ചും നോക്കാൻ തുടങ്ങി.

റിന്റുവയാളോടു സ്നേഹത്തോടെ പറഞ്ഞു, “ഇനിയാഴക്കടലിൽപ്പോകുമ്പോ ഈ യന്ത്രോം കൊണ്ടുപോണം. കൊടുങ്കാറ്റിൽപ്പെട്ടാലും ഇതു വഴികാട്ടും.”

അയാൾ പെട്ടെന്നു വടക്കുനോക്കിയന്ത്രം റിന്റുവിന്റെ കൈയിൽ തിരുകിയിട്ടു പറഞ്ഞു.

“ഇതെടുത്തോ ഞങ്ങ കടപ്പുറത്തുകാരാ. ഇതൊന്നും കൊണ്ടു ഞങ്ങടെ കാര്യമൊന്നും നടക്കൂല.”

“ഇല്ല,” റിന്റു ഉറപ്പിച്ചു പറഞ്ഞു.

“ഇത് നിങ്ങളുടെയാണ്. നിങ്ങൾക്കു മാത്രമുള്ളത്.”

nbt.india
एकः सूते सकलम्



nbt.india
एकः सूते सकलम्

റിന്റു തിരിഞ്ഞുനിന്നു. പിന്നെ വേഗത്തിലോടാൻ തുടങ്ങി. ആ മനുഷ്യനവനെ പിടിച്ചുനിർത്താനോ വടക്കുനോക്കിയന്ത്രം തിരികെക്കൊടുക്കാനോ കഴിയാത്തവിധം. നല്ല തമാശയുള്ള ആ കാഴ്ച കാണാൻ അവനിടയ്ക്കിടയ്ക്കു തിരിഞ്ഞു നോക്കുന്നുണ്ടായിരുന്നു. തോളിലൊരു നീളൻ മുളന്തണ്ടും പിടിച്ച് ആ വിചിത്രമനുഷ്യൻ വടക്കുനോക്കിയന്ത്രത്തിലേക്കു കണ്ണുനട്ടു നിൽക്കുന്നു.

റിന്റു ജീവിതത്തിൽ അവനേറ്റവും പ്രിയപ്പെട്ടൊരു സമ്പാദ്യം തികച്ചും അപരിചിതനായ ഒരാൾക്കു സമ്മാനിച്ചു. അവനതിൽ ഒരു വിഷമവും തോന്നിയില്ല. മറിച്ചു വലിയ അഭിമാനവും തോന്നി. എന്നാൽ ഇപ്പോളവൻ കൊളംബസെത്തിച്ചേർന്നതിനെക്കാളൊക്കെ മനോഹരമായ ഒരു രാജ്യത്തെത്തിച്ചേർന്നിരുന്നെന്നു ആരുമറിഞ്ഞിരുന്നില്ല.



nbt.india
एकः सूते सकलम्



nbt.india
एकः सूते सकलम्

Printed at: Royal Offset Printers, New Delhi